(സി) ഇതുമായി ബന്ധപ്പെട്ട മിനിമം ഗ്യാരന്റി പ്രവൃത്തി സംബന്ധിച്ച് കാസർഗോഡ് ഉപഭോക്തൃ തർക്ക പരിഹാര കോടതിയിൽ നിന്നും വിധിയുണ്ടായിട്ടുണ്ടോയെന്നും എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്താണെന്നും അറിയിക്കാമോ ;

(ഡി) ഉപഭോക്തൃ കോടതി ചുമതലപ്പെടുത്തിയതനുസരിച്ച് കാസർഗോഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇക്കാര്യത്തിൽ കമ്മീഷനായി പ്രവർത്തിച്ചിരുന്നുവോ ; എങ്കിൽ കമ്മീഷന്റെ നിഗമനം എന്തായിരുന്നു ;

(ഇ) മിനിമം ഗ്യാരന്റിയിൽ ഒപ്പുവെച്ച ശ്രീ. മാറുമൂല്യയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി കാസർഗോഡ് ഇൽക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ലഭിച്ചിട്ടുണ്ട്. ഉപഭോക്തൃ കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ടി പരാതിയിൽ മേൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഇല്ല. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനാണ് പോലീസ് സഹായത്തോടെ ശ്രമിച്ചത്.

(സി) കണക്ഷൻ കാലതാമസം നേരിട്ടു എന്ന പരാതിയിൻമേൽ കാസർഗോഡ് ഉപഭോക്തൃ തർക്ക പരിഹാര കോടതി നിർദ്ദേശിച്ചതുപ്രകാരം 28,000 രൂപ കെ. എസ്. ഇ. ബി. കോടതിയിൽ കെട്ടിവച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച ഹർജി 29-7-2003-ൽ വാദം കേൾക്കാൻ വച്ചിരുന്നു.

(ഡി) കാസർഗോഡ് ഇൽക്ട്രിക്കൽ ഇൻസ്പെക്ടറെ ഉപഭോക്തൃ കോടതിയിൽ നിന്നും കമ്മീഷനായി നിയോഗിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് 13-6-2003-ൽ കോടതിയിൽ സമർപ്പിച്ച് കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

(ഇ) മിനിമം ഗ്യാരന്റി എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

മിനിമം ഗ്യാരന്റി സ്കീമിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചവർ

20 (4628) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാലന്റി സ്കീം അനുസരിച്ച് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപേക്ഷകരുടെ വിവരം താഴെചേർക്കുന്നു :

ചെറുവണ്ണൂർ പഞ്ചായത്ത്	-	195
ആലഞ്ചേരി	-	50
പുറമേരി	-	60
തിരുവള്ളൂർ	-	34
ആകെ		339

(ബി) ചെറുവണ്ണൂർ പഞ്ചായത്തിലേയും ആലഞ്ചേരി പഞ്ചായത്തിലേയും വർക്കുകൾ ഇപ്പോൾ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുള്ള വർക്കുകളുടെ കൂട്ടത്തിൽപ്പെടുന്നു. ഇവ സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതാണ്. ബാക്കി വർക്കുകൾ പിന്നീട് മാത്രം ചെയ്യാവുന്നവയാണ്.

പ്രിന്റിംഗ് ജോലികളുടെ പ്രതിഫലം നൽകാൻ നടപടി

21 (4629) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന്റെ ആവശ്യത്തിനായി സെൽഫ് റീഡിംഗ് ഇൻവോയ്സ് ബുക്കുകൾ പ്രിന്റ് ചെയ്ത ഇനത്തിൽ നൽകുവാനുള്ള 37,130 രൂപ ലഭിക്കുന്നതിനായി പ്രസ്തുത ജോലി ചെയ്തു നൽകിയ വനിതാ വ്യവസായ പ്രിന്റിംഗ് യൂണിറ്റ് ഉടമസ്ഥ ശ്രീമതി സരസയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബിൽ തുക വിഭജിച്ചു നൽകാൻ കെ. എസ്. ഇ. ബി. അധികൃതർ ആവശ്യപ്പെട്ടിരുന്നോ ;

(സി) പ്രിന്റിംഗ് ഉടമസ്ഥയ്ക്ക് ലഭിക്കുവാനുള്ളതിൽ 6,250 രൂപ മാത്രമേ നൽകിയിട്ടുള്ളുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന് ഇതു സംബന്ധിച്ച് 10-9-2001-ലും 21-11-2002-ലും സമർപ്പിച്ച സങ്കട ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഇ) പ്രിന്റിംഗ് ജോലി ചെയ്തു നൽകിയ ചാർജിനത്തിൽ ലഭിക്കേണ്ട ബാക്കി തുക നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) പരാതിക്കാരിക്ക് ന്യായമായി ലഭിക്കേണ്ട തുക നൽകുന്നതിൽ അഞ്ചു വർഷക്കാലത്തെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly